ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ കടലോര മേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾ രൂപീകരിച്ചു. ഇവയെ ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടി ജില്ലാതലകോ-ഓപ്പറേറീവുകളും സംസ്ഥാന തല അപ്പെക്സ് ഫെഡറേഷനും (മത്സ്യ ഫെഡ്) രൂപീകരിച്ചു. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി, മത്സ്യത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അതിലൂടെ സ്വാശ്രയശീലവും സമ്പാദ്യശീലവും വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് ഈ സംവിധാനത്തിന്റെ ഉദ്ദേശം.

എൻ. സി. ഡി. സിയുടെ സാമ്പത്തിക സഹായത്തോടെ വള്ളം, വല, എഞ്ചിൻ എന്നീ മത്സ്യബന്ധനോപകരണങ്ങൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതി പ്രകാരം ഗുണഭോക്തൃഗ്രൂപ്പുകൾ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം പരസ്യ ലേലം നടത്തുന്നതിനും മത്സ്യഫെഡ് സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

മത്സ്യഫെഡ്

1140 [1716] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡ് രൂപീകരിച്ചതെന്നാണ് ;

(ബി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖാന്തിരം ആനുകൂല്യങ്ങൾ നൽകപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) 19-3-1984-ൽ മത്സ്യഫെഡ് രൂപീകരിച്ചു.

(ബി) 19-3-1984-ൽ മത്സ്യഫെഡ് നിലവിൽവന്നശേഷം 1,13,220 മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

മിൽക്ക് പ്രോജക്റ്റ്

1141 [1717] ശ്രീ. എം. പി. എം. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശസഹായത്തോടെ തുടങ്ങുമെന്ന് തീരുമാനിച്ച മിൽക്ക് പ്രോജക്റ്റുകൾ തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് എത്ര ലക്ഷം രൂപ സംസ്ഥാനം ചെലവഴിച്ചു ;

(സി) മഞ്ചേരിയിൽ ഈ വർഷം ഏതെങ്കിലും മിൽക്ക് പ്രോജക്റ്റ് തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി) ഇല്ല.

ക്ഷീരോൽപ്പാദന വികസനം

1142 [1718] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോൽപ്പാദനേ വികസനത്തിന് 1986-87 വർഷത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യ ;

(സി) 30-9-1988 വരെ അതിലേക്കുവേണ്ടി ചെലവാക്കാൻ കഴിഞ്ഞ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനു കേന്ദ്രത്തിൽനിന്നും നേരിട്ട് സഹായം ലഭിച്ചിട്ടില്ല. ഓപ്പറേഷൻ ഫ്ളഡ്-2 പ്രോഗ്രാം കേരളത്തിൽ നടപ്പിലാക്കുന്നത് ഇൻഡ്യൻ ഡയറി കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയാണ്.

(ബി) നടപ്പുവർഷത്തിൽ പ്രസ്തുത കോർപ്പറേഷനിൽനിന്നും 30-6-1986 വരെ 298 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) 70 ലക്ഷം രൂപ.

റിസർവോയറുകളിൽ മത്സ്യകൃഷി

1143 [1719] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ റിസർവോയറുകളിൽ ആധുനിക രീതിയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിപുലമായ തോതിൽ ആധുനിക രീതിയിലുള്ള പെൻ കൾച്ചർ, കേജ് കൾച്ചർ എന്നീ മത്സ്യകൃഷികൾ.

ആഴക്കടൽ മത്സ്യബന്ധന ട്രോളറുകൾ

1144 [1720] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആഴക്കടൽ മത്സ്യബന്ധന ട്രോളറുകൾ വാങ്ങിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly